ഉത്തരം

(എ) ഉണ്ട്.

(ബി) സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ. കെ. എ. ബാലനെയാണ് അപ്രകാരം പിരിച്ചുവിട്ടിട്ടുള്ളത്. സീനിയർ സൂപ്രണ്ടായി നിയമനം ലഭിക്കുന്നതിനു മുൻപ് എക്സൈസ് ഇൻസ്പെക്ടറായി നിയമിക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മിഷൻ ശ്രീ. ബാലനെ തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നു. എന്നാൽ ശ്രീ. ബാലന്റെ സ്വഭാവവും പൂർവ്വ ചരിത്രവും തൃപ്തികരമല്ല എന്ന കാരണത്താൽ എക്സൈസ് ഇൻസ്പെക്ടറായുള്ള ശ്രീ. ബാലന്റെ തെരഞ്ഞെടുപ്പിനു സാധുത നൽകേണ്ടായെന്ന് സർക്കാർ ഉത്തരവു പുറപ്പെടുവിക്കുകയും ആ ഉത്തരവിന്റെ വെളിച്ചത്തിൽ പബ്ലിക് സർവ്വീസ് കമ്മിഷൻ പ്രസ്തുത തെരഞ്ഞെടുപ്പ് റദ്ദാക്കുകയും ചെയ്തു. ഈ നടപടിക്കെതിരേ ശ്രീ. ബാലൻ ഹൈക്കോടതിയിൽ ഒരു പെറ്റിഷൻ ഫയൽ ചെയ്യുകയും അതു കോടതി അനുവദിക്കുകയും ചെയ്തു. എന്നാൽ ഈ വിധിക്കെതിരെ സർക്കാർ ഒരു അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. ശ്രീ. ബാലന് അഡ്വക്കേറ്റ് ജനറൽ ആഫീസിൽ നിയമനം ലഭിക്കുന്ന സമയത്ത് ഈ അപ്പീൽ ഹൈക്കോടതിയുടെ പരിഗണനയിലായിരുന്നു. അതുകൊണ്ട് അപ്പീലിന്റെ വിധിക്കു വിധേയമായിട്ടാണ് ശ്രീ. ബാലനെ അഡ്വക്കേറ്റ് ജനറൽ ആഫീസിൽ നിയമിച്ചത്. അക്കാര്യം നിയമന ഉത്തരവിൽ വ്യക്തമാക്കിയിട്ടുമുണ്ടായിരുന്നു. 25-8-1978-ൽ ഹൈക്കോടതി സർക്കാരിന്റെ അപ്പീൽ അനുവദിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബാലനെ പിരിച്ചുവിടുകയും ചെയ്തു.

ഇലക്ട്രിക് കണക്ഷൻ കിട്ടുന്നതിന് കാലതാമസം വരുന്നതായി പരാതി

1243 [1987] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിക്കകത്തും പരിസരങ്ങളിലുമുള്ള (ഉള്ളൂർ, ശ്രീകാര്യം, പെട്ടിവിളാകം) പഞ്ചായത്ത് ഏരിയാകളിലും വീടു പണിതിട്ടുള്ളവർക്ക് ഇലക്ട്രിക് കണക്ഷൻ കിട്ടുന്നതിന് കാലതാമസം വരുന്നു എന്നു പരാതി കിട്ടിയിട്ടുണ്ടോ;

(ബി) ഈ കാലതാമസം ഒഴിവാക്കാൻ ഇതിനകം എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) കാലതാമസത്തിന്റെ പ്രധാന കാരണം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥയാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഈ അനാസ്ഥയും കാലതാമസവും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) കാലതാമസത്തിന്റെ പ്രധാന കാരണം കണക്ഷൻ കൊടുക്കുന്നതിനാവശ്യമായ ചില മെറ്റീരിയൽസിന്റെ ദൗർലഭ്യമാണ്.

(ഡി) ബി ആൻഡ് സിയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly